പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 2722 | 17.10.2016-ൽ<br>മറുപടിക്ക് |

## പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാർ

| ചോദ്യം<br><br>ശ്രീ. സി. കൃഷ്ണൻ | മറുപടി<br><br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) മുൻ കേന്ദ്ര-സംസ്ഥാന മന്ത്രിമാരും, വിരമിച്ച ഐ.പി.എസ് ഉദ്യോഗസ്ഥരും പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരെ നിലനിർത്തുന്നുണ്ടോ; ഇത് ഇവർക്ക് അനുവദനീയമാണോ; ആണെങ്കിൽ എത്ര പേരെ: | (എ) സെക്യൂരിറ്റി റിവ്യൂ കമ്മിറ്റി ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി) നമ്പർ 1137/2016/ആഭ്യന്തരം തീയതി 31.03.2016 പ്രകാരം സുരക്ഷാ ഭീഷണി കണക്കിലെടുത്ത് താഴെ പറയുന്ന മുൻ കേന്ദ്ര മന്ത്രിമാർക്ക് എസ്.ബി.സി.ഐ.ഡി സുരക്ഷാ വിഭാഗത്തിൽ നിന്നും നൽകി വരുന്ന പി.എസ്.ഒ മാരുടെ വിവരം പ്രസ്തുത മുൻ മന്ത്രിമാരുടെ പേരിനു നേരെ ചേർക്കുന്നു.<br>1. ശ്രീ. എകെ. ആന്റണി - 6 PSO<br>2. ശ്രീ. വയലാർ രവി - 2 PSO<br>3. ശ്രീ. കെ.വി. തോമസ് - 2 PSO<br>4. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ - 5 PSO<br>5. ശ്രീ. കെ.സി. വേണുഗോപാൽ - 1 PSO<br>6. ശ്രീ. ശശി തരൂർ - 2 PSO<br>7. ശ്രീ. കൊടിക്കുന്നിൽ സുരേഷ് - 3 PSO<br>ആകെ - 21 PSO<br><br>മുൻ സംസ്ഥാന മന്ത്രിസഭയിലെ അംഗമായിരുന്ന ശ്രീ. കെ.എം. മാണിക്ക് ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി) 1137/2016/ആഭ്യന്തരം തീയതി 31.03.2016 പ്രകാരം നിലവിലുള്ള A-Category സുരക്ഷ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ എസ്.ബി.സി.ഐ.ഡി സുരക്ഷാ വിഭാഗത്തിൽ നിന്നും 5 സേനാംഗങ്ങളെ സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്.<br>2016 മേയ് മാസത്തിൽ കാലാവധി അവസാനിച്ച സംസ്ഥാന മന്ത്രിസഭയിലെ താഴെ പറയുന്ന അംഗങ്ങൾക്ക് നിലവിലെ സുരക്ഷാഭീഷണിയിലും ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി) നം 1137/2016/ആഭ്യന്തരം തീയതി 31.03.2016-യുടെ നിർദ്ദേശവും അനുസരിച്ച് എസ്.ബി.സി.ഐ.ഡി |

| | |
|---|---|
| | സുരക്ഷാ വിഭാഗത്തിൽ നിന്നും നൽകി വരുന്ന പി.എസ്.ഒ മാരുടെ വിവരവും പ്രസ്തുത വ്യക്തികളുടെ പേരിന് നേരെ ചേർക്കുന്നു.<br>1. ശ്രീ. ഉമ്മൻചാണ്ടി - 6 PSO<br>2. ശ്രീ. ആര്യാടൻ മുഹമ്മദ് - 3 PSO<br>3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ - 4 PSO<br>4. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി - 2 PSO<br>5. ശ്രീ. പി.ജെ. ജോസഫ് - 2 PSO<br>ആകെ - 17 PSO<br><br>വിരമിച്ച ഐ.പി.എസ്. ഉദ്യോഗസ്ഥനായ ശ്രീ. കെ.ലക്ഷ്മണയ്ക്ക് സർക്കാർ ഉത്തരവ് നം.(ആർ.റ്റി)1137/16/ആഭ്യന്തരം തീയതി 31.03.2016 പ്രകാരം 4 പോലീസുദ്യോഗസ്ഥരെ സെക്യൂരിറ്റി ചുമതലയ്ക്കായി അനുവദിച്ചിട്ടുണ്ട്. |
| ബി) അനുവദനീയമല്ലെങ്കിൽ ആരൊക്കെ പി.എസ്.ഒ മാരെ വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) സർക്കാർ അനുമതിയില്ലാതെ ആരേയും പി.എസ്.ഒ മാരായി നിയമിച്ചിട്ടില്ല. |
| സി) ഇവരെ തിരിച്ചു വിളിക്കാൻ നടപടി സീകരിയ്ക്കുമോ; | (സി) മുൻ കേന്ദ്ര സംസ്ഥാന മന്ത്രിമാർക്കും വിരമിച്ച ഐ.പി.എസ്. ഉദ്യോഗസ്ഥർക്കും പേഴ്സണൽ സെക്യൂരിറ്റി ഉധ്യോഗസ്ഥരെ നിയമിച്ച സാഹചര്യവും വിലയിരുത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈകൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ